(സി) പ്രസ്തുത സഹായം വിതരണം ചെയ്യുന്നതിന് ട്രഷറി നിയന്ത്രണം തടസ്സമാകുന്നുണ്ടോ ; ഉണ്ടെങ്കിൽ ഈ നിയന്ത്രണം ഒഴിവാകുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 421 പേർക്ക് 3,00,150 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) 106 പേർക്ക് ഇനിയും ധനസഹായം വിതരണം ചെയ്യാനുണ്ട്.

(സി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നനുവദിക്കുന്ന തുകയെ പൂർണ്ണമായും ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ട്.

കടലാക്രമണത്തിന് ഇരയാകുന്നവരെ പുനരധിവസിപ്പിക്കാൻ നടപടി

24(4303) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരവിപുരം തീരപ്രദേശത്ത് സ്ഥിരമായി താമസിച്ചുവരുന്നവരും പടക്കം ലഭിക്കാത്തവരുമായ 25-ൽ പരം കുടുംബങ്ങൾ കഴിഞ്ഞ കടൽ ആക്രമണത്തിൽ ഭവനരഹിതരായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവരെ പുനരധിവസിപ്പിക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിഗണിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ റവന്യൂ വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന ഉയർന്ന തസ്തികകൾ

25 (4304) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ കാസർഗോഡ് ജില്ലയിലെ ഉയർന്ന തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) താഴെപ്പറയുന്ന തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു:

ഡെപ്യൂട്ടി കളക്ടർ	-	2
റവന്യൂ ഡിവിഷണൽ ഓഫീസർ	-	1

(സി) ഉണ്ട്. റവന്യൂ വകുപ്പിലെ ഹയർ ഡി. പി.സി. യുടെ മീറ്റിംഗ് 24-7-2003-ന് കൂടുകയുണ്ടായി അതനുസരിച്ച് സെലക്ട് ലിസ്റ്റ് തയ്യാറാക്കി അർഹരായ ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ നൽകി മേൽപ്പറഞ്ഞ തസ്തികകൾ നികത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

മണ്ണാർക്കാട് താലൂക്ക് ഓഫീസിലെ ടോയ്ലറ്റിന്റെ അറ്റകുറ്റപ്പണി

28 (4305) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് താലൂക്ക് ഓഫീസിലെ സ്റ്റാഫിനുള്ള ടോയ്ലറ്റിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) സ്ത്രീജീവനക്കാരടക്കമുള്ളവരുടെ പ്രാഥമിക സൗകര്യങ്ങൾക്ക് വേണ്ടിയുള്ള പ്രസ്തുത ടോയ്ലറ്റ് അറ്റകുറ്റപ്പണി നടത്താൻവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ :

(സി) എങ്കിൽ ആയത് എന്നത്തേക്ക് പണിപൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മണ്ണാർക്കാട് മിനി സിവിൽസ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം ഏകദേശം പൂർത്തിയാക്കാറായ സാഹചര്യത്തിൽ താലൂക്ക് ഓഫീസിന് സ്വന്തമായി പുതിയ ടോയ്ലറ്റ് നിർമ്മാണം ആവശ്യമില്ല എന്ന് കണ്ടതിനാലാണ് നടപടി സ്വീകരിക്കാത്തത്.

(സി) ചോദ്യം ഉദിക്കുന്നില്ല.

സർക്കാർ കേസുകൾ നടത്തിപ്പിലുള്ള വീഴ്ച ഒഴിവാക്കാൻ പരിശോധന

27 (4306) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിച്ചു എന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ :

(ബി) ഓരോ പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും സർക്കാർ കേസുകൾ നടത്താൻ നിയോഗിച്ചിട്ടുള്ള അഭിഭാഷകരുടേയും ഓഫീസ് എത്ര തവണ പരിശോധന നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ :

(സി) നിയമാനുസരണം ഒരു വർഷം എത്ര തവണയാണ് ഇൻസ്പെക്ഷൻ നടത്തേണ്ടത് എന്ന് വ്യക്തമാക്കുമോ :

(ഡി) സർക്കാർ കേസുകൾ നടത്തിപ്പിലുള്ള വീഴ്ച ഒഴിവാക്കാൻ പരിശോധനയ്ക്ക് മാത്രമായി പ്രത്യേക സെൽ രൂപീകരിക്കാനും പരിശോധന ശക്തമാക്കാനും നടപടി സ്വീകരിക്കുമോ :

(ഇ) ടി. എ. സീലിംഗ് കാരണം പരിശോധനയ്ക്കുണ്ടാകുന്ന കുറവ് പരിഹരിക്കാൻ പരിശോധന വിഭാഗത്തിനുള്ള ടി. എ. സീലിംഗ് ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly